**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5309** **15-03-2023 - ൽ മറുപടിയ്ക്ക്**

**കൊപ്ര സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൊപ്ര സംഭരണത്തിനായി ചുമതലപ്പെടുത്തിയ ഏജൻസികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | കൊപ്രയുടെ വില താഴ്ന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ കൊപ്രയുടെ താങ്ങു വില (പി എസ് എസ്) പദ്ധതി 2022 പ്രകാരം സഹകരണ സംഘങ്ങൾ മുഖേന കൊപ്ര സംഭരിച്ച് നാഫെഡിന് കൈമാറുന്നതിന് കേരഫെഡിനെയും, മാർക്കറ്റ്ഫെഡിനെയും, VFPCK യെയും സ്റ്റേറ്റ് ലെവൽ ഏജൻസികളായി പ്രഖ്യാപിച്ചിരുന്നു. 03-11-2022 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 951/2022/അഗ്രി പ്രകാരം വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിനെ (VFPCK) കൂടി സംസ്ഥാനതല ഏജൻസിയായി ഉൾപ്പെടുത്തി കൊണ്ട് ഉത്തരവായിട്ടുണ്ട്. നാഫെഡിന്റെ കരാറിൽ സംഭരണ ഏജൻസി സ്വന്തം ആവശ്യത്തി നായി സംഭരണ കാലയളവിൽ കൊപ്ര സംഭരിക്കുവാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്ത സാഹചര്യത്തിൽ 16.05.2022 ലെ സ .ഉ . (കൈ) നം 34/2022/AGRI പ്രകാരം കേരഫെഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത സൊസൈറ്റികളെ മാർക്കറ്റ് ഫെഡിന് കീഴിൽ പുനർരജിസ്ട്രേഷൻ നടത്തി മാർക്കറ്റ് ഫെഡ് മുഖേന കൊപ്ര സംഭരണം നടത്തിയിട്ടുണ്ട്. മേൽ ഏജൻസികൾ മുഖേന ഈ വർഷത്തെ സംഭരണം ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കൊപ്ര സംഭരണത്തിനായി കേന്ദ്ര കൃഷി മന്ത്രാലയം മുന്നോട്ടുവെച്ച മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു; പ്രസ്തുത മാനദണ്ഡങ്ങൾ പാലിച്ചാണോ സംസ്ഥാനത്ത് കൊപ്ര സംഭരണം നടന്നത്; വിശദമാക്കാമോ; | (ബി) | മാനദണ്ഡങ്ങൾ പാലിച്ചാണ് കൊപ്ര സംഭരണം നടന്നത്. കൊപ്രയുടെ വില താഴ്ന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ കൊപ്രയുടെ താങ്ങുവില പദ്ധതി (പി.എസ്.എസ്.) 2022 പ്രകാരം കൊപ്ര സംഭരണത്തിനായി കേരഫെഡിനെയും മാർക്കറ്റ് ഫെഡിനെയും സ്റ്റേറ്റ് ലെവൽ ഏജൻസികളായി പ്രഖ്യാപിച്ചിരുന്നു. നാഫെഡിന്റെ കരാറിൽ സംഭരണ ഏജൻസി സ്വന്ത ആവശ്യത്തിനായി സംഭരണ കാലയളവിൽ കൊപ്ര സംഭരിക്കുവാൻ പാടുള്ളതല്ല |

| | | | |
|---|---|---|---|
| | | | എന്ന് വ്യവസ്ഥ ചെയ്ത സാഹചര്യത്തിൽ 16.05.2022 ലെ സ .ഉ .(കൈ) നം 34/2022/AGRI പ്രകാരം കേരഫെഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത സൊസൈറ്റികളെ മാർക്കറ്റ്ഫെഡിന് കീഴിൽ പുനർരജിസ്ട്രേഷൻ നടത്തി മാർക്കറ്റ് ഫെഡ് മുഖേന കൊപ്ര സംഭരണം തുടരുകയും ചെയ്തു. കേന്ദ്ര സർക്കാർ നിശ്ചയിച്ചിരുന്ന വിലയായ കിലോഗ്രാമിന് 105.90 രൂപ നിരക്കിലാണ് കർഷകന് വില ലഭ്യമായത്. മാർക്കറ്റ് ഫെഡ് സൊസൈറ്റികൾ മുഖേന കൊപ്ര നേരിട്ട് സംഭരിക്കുന്നതിനോടൊപ്പം കൊപ്രയാക്കു ന്നതിനു പച്ചത്തേങ്ങയും സൊസൈറ്റികൾ കർഷകരിൽ നിന്നും സംഭരിച്ചിട്ടുണ്ട്. അപ്രകാരം പച്ചത്തേങ്ങ സംഭരിക്കുന്ന സംഗതിയിൽ കിലോഗ്രാമിന് 28.60 രൂപ നിരക്കിൽ കർഷകർക്ക് നൽകിയാണ് സംഭരണം നടത്തിയത്. ബാക്കിയുള്ള കിലോഗ്രാമിന് 3.40 രൂപ സൊസൈറ്റികൾ പച്ചത്തേങ്ങ കൊപ്രയാക്കി നാഫെഡിന് നൽകിയ ശേഷം കർഷകർക്ക് സർക്കാർ വിഹിതമായി നൽകുകയുമാണ് ചെയ്യുന്നത്. |
| (സി) | സംസ്ഥാനത്ത് സംഭരിച്ച കൊപ്രയുടെ നിരക്ക് എത്രയായിരുന്നു; കഴിഞ്ഞവർഷം എത്ര ക്വിന്റൽ കൊപ്ര സംഭരിക്കുവാൻ കഴിഞ്ഞുവെന്നും ഈ ഇനത്തിൽ കർഷകർക്ക് നൽകിയ തുക എത്രയാണെന്നും വ്യക്തമാക്കുമോ; | (സി) | കൊപ്ര സംഭരണം രണ്ടു ഘട്ടങ്ങളിലുമായി അഞ്ചു സംഘങ്ങൾ വഴി ആകെ 2,55,850 കിലോഗ്രാം കൊപ്ര നാഫെഡിന്റെ ഗോഡൌണുകളിൽ മാർക്കറ്റ് ഫെഡ് വഴി നിക്ഷേപിച്ചിട്ടുണ്ട്. ഈയിനത്തിൽ കിലോഗ്രാമിന് 105.90 രൂപ വീതം ആകെ 2,70,94,515 രൂപ കർഷകരുടെ അക്കൌണ്ടിലേക്ക് നാഫെഡിന്റെ സമൃദ്ധി പോർട്ടൽ വഴി മാർക്കറ്റ്ഫെഡ് നൽകിയിട്ടുണ്ട്. മാർക്കറ്റ് ഫെഡ് സൊസൈറ്റികൾ മുഖേന കൊപ്ര നേരിട്ട് സംഭരിക്കുന്നതോടൊപ്പം കൊപ്രയാക്കുന്നതിന് പച്ചത്തേങ്ങയും സൊസൈറ്റികൾ കർഷകരിൽ നിന്നും സംഭരിച്ചിട്ടുണ്ട്. അപ്രകാരം 9,13,592.70 കിലോഗ്രാം പച്ചത്തേങ്ങ സംഭരിച്ച വകയിൽ സംസ്ഥാന വിഹിതമായി കിലോഗ്രാമിന് 3.40 രൂപ വീതം 31,06,215.18 രൂപ കർഷകർക്ക് നൽകാനുണ്ട്. ആയതിന്റെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | കേന്ദ്ര നിർദേശങ്ങൾ പാലിച്ച് കൊപ്ര സംഭരിക്കാത്തതിനാൽ കർഷകർക്ക് നഷ്ടമുണ്ടായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ